**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4317** **06-03-2023 - ൽ മറുപടിയ്ക്ക്**

**ലോട്ടറി ഏജന്റുമാരുടെ കമ്മീഷനും പ്രൈസ് മണിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചെറുകിട ലോട്ടറി ഏജന്റുമാർ സമ്മാനം അടിച്ച പണം വാങ്ങുന്നതിനായി ലോട്ടറി ഓഫീസിനെ സമീപിക്കുമ്പോൾ പണത്തിന് പകരം ലോട്ടറി ടിക്കറ്റ് നൽകുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം നിർദ്ദേശം നൽകിയത് എന്ന് വ്യക്തമാക്കുമോ; | (എ) | ചെറുകിട ലോട്ടറി ഏജന്റുമാർ സമ്മാനം അടിച്ച പണം വാങ്ങുന്നതിനായി ലോട്ടറി ഓഫീസിനെ സമീപിക്കുമ്പോൾ പണത്തിനു പകരം ലോട്ടറി ടിക്കറ്റ് നൽകുന്നതിന് സർക്കാർ പ്രത്യേകമായി നിർദ്ദേശം ഒന്നും നൽകിയിട്ടില്ല. എന്നാൽ 2005 ലെ കേരള പേപ്പർ ലോട്ടറി റെഗുലേഷൻ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം ടിക്കറ്റ് എക്സ്ചേഞ്ച് മുഖേന സമ്മാനത്തുക കൈപ്പറ്റുന്നതിനു വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ അപ്രകാരവും സമ്മാനത്തുക ലോട്ടറി ഓഫീസുകളിൽ നിന്ന് വിതരണം ചെയ്യുന്നുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച നിരവധി ആക്ഷേപങ്ങൾ ഉയർന്നുവരുന്ന സാഹചര്യത്തിൽ, ലോട്ടറി ഏജന്റുമാരുടെ കമ്മീഷനും പ്രൈസ് മണിയും ഉൾപ്പെടെയുള്ള തുക പണമായിത്തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | സമ്മാനത്തുക പണമായി നൽകുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. അതേസമയം ഏജൻസി കമ്മീഷൻ ഇനത്തിലെ 2000 രൂപയ്ക്കു മേലുള്ള തുകയും, ഏജന്റുമാർ ഹാജരാക്കുന്ന 5000 രൂപയ്ക്ക് മേലുള്ള പ്രൈസ് ടിക്കറ്റ് തുകയും ബാങ്ക് അക്കൗണ്ട് മുഖേനയാണ് നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ